
രക്ഷ
ദൈവത്തിന്റെ ദാനം
ടി. ജോൺ മാത്യു
ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം
സൗജന്യമായി വാങ്ങട്ടെ. (വെളിപ്പാട് 22:17)

# രക്ഷ ദൈവത്തിന്റെ ദാനം

പ്രത്യക്ഷത്തിൽ തെറ്റാണെന്നു തോന്നാം. പക്ഷേ ശരിയാണ്; ചെറിയ വെളിച്ചത്തിനു വില കൊടുക്കണം; വലിയ വെളിച്ചത്തിനു വില കൊടുക്കേണ്ട, അതു സൗജന്യമായി നൽകപ്പെടുന്നു. മെഴുകുതിരിയുടെ വെളിച്ചം ചെറുതാണെങ്കിലും വില നൽകിയെങ്കിലേ അതു ലഭ്യമാകയുള്ളു. എന്നാൽ സൂര്യനിൽനിന്നു ലഭിക്കുന്ന വലിയ വെളിച്ചത്തിന് യാതൊരു വിലയും നാം കൊടുക്കേണ്ടതില്ല. കൊടുക്കേണ്ടത് ആവശ്യമായിരുന്നെങ്കിൽ ഒരു മനുഷ്യനും സൂര്യപ്രകാശം കണ്ടുകൊണ്ടു ജീവിക്കാൻ കഴിയുമായിരുന്നില്ല. ജീവൻ നിലനിർത്തുന്നതിനാവശ്യമായ പ്രാണവായു ഓരോ നിമിഷവും നാം ശ്വസിച്ചുകൊണ്ടിരിക്കുന്നു. അതു ധാരാളമായി പ്രകൃതിയിൽ ലഭ്യമാണ്. അതിന്റെ വില നിർണ്ണയിക്കാൻ സാധ്യമല്ല. അതു സൗജന്യമായി നമുക്കു ലഭിക്കുന്നു. എന്നാൽ നാം ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ മൂക്കിൽനിന്നു പുറത്തേക്കുവിടുന്ന, ശരീരത്തിനു പ്രയോജനം ചെയ്യാത്ത കാർബൺഡയോക്സൈഡ് എന്ന വാതകത്തെക്കുറിച്ച് ചിന്തിക്കുക: ആ വാതകമാണ് വെള്ളത്തിൽ ലയിപ്പിച്ചു സോഡാ വെള്ളം ഉണ്ടാക്കുന്നത്. അതു കുടിക്കണമെങ്കിൽ അതിനു നാം വില കൊടുക്കണം. ഇതിന്റെ അർത്ഥമെന്താണ്? നമ്മുടെ ജീവന്റെ നിലനിൽപ്പിനെ സഹായിക്കാത്ത വാതകം നാം വില കൊടുത്തു വാങ്ങുന്നു.

ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ പ്രാണവായു (ഓക്സിജൻ) ലഭിക്കുന്നതിന് നാം ഒരു വിലയും നൽകുന്നില്ല. അതിനു വില നൽകണമായിരുന്നെങ്കിൽ ഒരു മനുഷ്യനും ഭൂമിയിൽ ശ്വാസോച്ഛ്വാസം ചെയ്യുവാൻ കഴിയുമായിരുന്നില്ല. ചുരുക്കത്തിൽ വില നിർണ്ണയിക്കാൻ സാധ്യമല്ലാത്തവിധം വിലയേറിയതും അത്യന്താപേക്ഷിതവുമായ വസ്തുക്കൾ നമുക്ക് സൗജന്യമായിട്ടാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ജീവജാലങ്ങളുടെ നിലനിൽപ്പിനത്യന്താപേക്ഷിതമായ, ആകാശത്തുനിന്നു പെയ്യുന്ന മഴവെള്ളമാണ് ഭൂമിയിലെ എല്ലാ ശുദ്ധജല സ്രോതസ്സുകളുടെയും ഉറവിടം. വില തീരാത്ത ഈ ശുദ്ധജലം പ്രകൃതിയിൽനിന്നു നമുക്കു ലഭിക്കുന്ന ദാനമാണ്. ഈ ദാനം ഭൂമിയിൽ ലഭ്യമല്ലായിരുന്നെങ്കിൽ ജന്തുക്കളോ, സസ്യങ്ങളോ, ഒന്നും തന്നെ ഇവിടെ കാണപ്പെടുമായിരുന്നില്ല. ഇതെല്ലാം തെളിയിക്കുന്നത് നമ്മുടെ ശാരീരിക ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ വില തീരാത്ത വസ്തുക്കൾ എന്തൊക്കെയാണോ അവയെല്ലാം സൗജന്യമായിട്ടാണ് നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത് എന്നാണ്. ഈ വസ്തുത മറ്റൊരു വലിയ സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. അതാണ് ദൈവവചനമായ ബൈബിളിന്റെ അവസാനത്തെ പുസ്തകമായ വെളിപ്പാട് 7-ാം അദ്ധ്യായം 10-ാം വാക്യത്തിൽ കാണുന്നത്. **"രക്ഷ .. ദൈവത്തിന്റെ ദാനം"** എന്ന് അവിടെ നാം വായിക്കുന്നു. അതിന്റെ അർത്ഥത്തെപ്പറ്റിയും പ്രാധാ

ന്യത്തെപ്പറ്റിയും നമുക്കല്പം ചിന്തിക്കാം.

സാധാരണയായി മനുഷ്യബുദ്ധിയിൽ തോന്നുന്നതിനു വിപരീതമായ ആശയമാണ് മേലുദ്ധരിച്ച പദപ്രയോഗത്തിലുള്ളത്. നമുക്ക് എന്തെങ്കിലും കിട്ടുന്നത് നാം എന്തെങ്കിലും ചെയ്യുന്നതിന്റെ പ്രതിഫലമായിട്ടാണ്. വിലപ്പെട്ടതെന്തെങ്കിലും കിട്ടണമെങ്കിൽ വിലപ്പെട്ട പ്രവൃത്തിതന്നെ ചെയ്യണം. ആത്മരക്ഷ വളരെ വിലപ്പെട്ട കാര്യമാണ്. അതു കിട്ടണമെങ്കിൽ വളരെയധികം വിലപ്പെട്ട പ്രവൃത്തികൾ നാം ചെയ്യണം എന്നാണ് സ്വാഭാവികമായി ഏതൊരു മനുഷ്യനും ചിന്തിക്കുക. എന്നാൽ ഇതിനു വളരെ വിരുദ്ധമായ ആശയമാണ് ബൈബിളിൽ കാണുന്നത്. രക്ഷ എന്നുള്ളത് ദൈവത്തിന്റെ ദാനമാണെന്നും അത് സൗജന്യമായിട്ടാണ് നൽകപ്പെടുന്നതെന്നും സൗജന്യമായി മാത്രമേ നൽകപ്പെടാൻ കഴിയുകയുള്ളുവെന്നും ബൈബിളിൽ പ്രസ്താവിച്ചിരിക്കുന്നു. ഇത് സത്യമാണെങ്കിൽ അതു വളരെ അത്ഭുതകരമായ ഒരു വസ്തുത തന്നെയാണ്; സത്യമാണോ അല്ലയോ എന്നു മനസ്സിലാക്കുന്നതിനായി ബൈബിൾ ഏതുകാലത്ത് ആർ മുഖാന്തരം എഴുതപ്പെട്ടു എന്നും മറ്റും നാം പരിശോധിക്കേണ്ടിയിരിക്കുന്നു. അതിനാൽ ബൈബിളിനെക്കുറിച്ച് സത്യമാണെന്ന് എല്ലാവരാലും അംഗീകരിക്കപ്പെട്ടിട്ടുള്ള ചില വസ്തുതകളും അവയുടെ വെളിച്ചത്തിൽ ഈ ഗ്രന്ഥത്തിൽനിന്ന് നമുക്കു മനസ്സിലാക്കാൻ കഴിയുന്ന സുപ്രധാന സത്യങ്ങളും താഴെ വിവരി

ക്കുന്നു. ബൈബിൾ സാക്ഷാൽ ദൈവവചനം തന്നെയാണെന്നതിന്റെ പ്രധാനപ്പെട്ട തെളിവുകളിൽ ഒന്നുമാത്രമേ [നൂറ്റാണ്ടുകൾക്ക് മുൻപ് നടത്തപ്പെട്ട നിരവധി പ്രവചനങ്ങൾ കൃത്യമായ വിധത്തിൽ തക്കസമയത്ത് നിറവേറിക്കൊണ്ടിരിക്കുന്നുവെന്നത്] ഈ ചെറു പുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്നുള്ളു.

## ബൈബിൾ എന്ന ഗ്രന്ഥം

വിവിധ സ്ഥലങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന നാൽപ്പതിൽപരം ആളുകൾ ഏകദേശം 1600 വർഷങ്ങൾകൊണ്ട് എഴുതി തീർത്ത ഗ്രന്ഥമാണ് ബൈബിൾ. ഇതിന്റെ എഴുത്തുകാർക്ക് അന്യോന്യം ആശയവിനിമയം നടത്തി ഒത്തൊരുമിച്ച് ഒരു ഗ്രന്ഥം രചിക്കുവാൻ തക്ക സാഹചര്യങ്ങൾ ഉണ്ടായിരുന്നില്ല. ദൈവാത്മാവ് ഓരോരുത്തരെയും പ്രേരിപ്പിച്ചത്, ഓരോരുത്തരും അവരവരുടെ ഭാഷാശൈലിയിൽ എഴുതുകയാണ് ചെയ്തത്. എഴുതപ്പെട്ട ഗ്രന്ഥങ്ങളെല്ലാം ദൈവാത്മപ്രേരണയാൽ അതിനു മുൻപ് എഴുതപ്പെട്ട ഗ്രന്ഥങ്ങളോട് കൂട്ടിച്ചേർക്കപ്പെട്ടു കൊണ്ടുമിരുന്നു. അങ്ങനെ ബി.സി.1500 നോടടുത്തു തുടങ്ങിയ ഗ്രന്ഥരചന എ.ഡി.ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി എഴുതപ്പെട്ട വെളിപ്പാട് പുസ്തകത്തോടുകൂടി പൂർത്തിയാക്കപ്പെട്ടു. മൊത്തം അറുപത്താറ് പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ഈ

ഗ്രന്ഥത്തിൽ മനുഷ്യ സൃഷ്ടിയെക്കുറിച്ചും പാപത്തിന്റെ ഉത്ഭവത്തെക്കുറിച്ചും ആദ്യത്തെ പുസ്തകമായ ഉല്പത്തിയിൽ പ്രതിപാദിച്ചിരിക്കുന്നു.

## പാപവും അതിന്റെ ശിക്ഷയും

ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവം ഭൂമിയിലെ ജീവജാലങ്ങളെയെല്ലാം സൃഷ്ടിച്ചു. ഏറ്റവും ഒടുവിലായി ആദാം എന്ന ആദ്യത്തെ മനുഷ്യനെയും സൃഷ്ടിച്ചു എന്ന് ഉൽപത്തി പുസ്തകത്തിൽ നാം വായിക്കുന്നു. ആദാമിന്റെ വാരിയെല്ലിൽനിന്ന് ആദ്യത്തെ സ്ത്രീയായ ഹവ്വയെ ദൈവം സൃഷ്ടിക്കുകയും അവൾ ആദാമിന്റെ ഭാര്യയായിത്തീരുകയും ചെയ്തു. മാനവരാശി മുഴുവന്റെയും മാതാപിതാക്കളായ ആദാമിനെയും ഹവ്വയെയും ദൈവം ഏദൻ തോട്ടത്തിൽ താമസിപ്പിച്ചു. ദൈവത്തെ അനുസരിക്കുന്നതിനും അനുസരിക്കാതിരിക്കുന്നതിനും സ്വാതന്ത്ര്യമുള്ള, ചിന്തിച്ചു തീരുമാനങ്ങളെടുത്ത് അതിൻപ്രകാരം പ്രവർത്തിക്കാൻ കഴിവുള്ള ആളുകളായിട്ടാണ് ദൈവം അവരെ സൃഷ്ടിച്ചത്. എന്നാൽ തങ്ങൾക്കു ലഭിച്ച ചിന്താസ്വാതന്ത്ര്യം അവർ ദുരുപയോഗപ്പെടുത്തി. ഇഷ്ടംപോലെ ഫലം തിന്നുന്നതിന് അനുവാദം നൽകപ്പെട്ടിരുന്ന ധാരാളം വൃക്ഷങ്ങൾ ഏദൻ തോട്ടത്തിൽ ഉണ്ടായിരുന്നിട്ടും തിന്നരുതെന്നു ദൈവം കൽപിച്ച വൃക്ഷത്തിന്റെ ഫലം പിശാചിന്റെ പ്രേരണയാൽ

അവർ തിന്നു. ഈ അനുസരണക്കേടിലൂടെ തങ്ങളുടെ സ്രഷ്ടാവായ ദൈവത്തെ ധിക്കരിക്കുകയും അവിശ്വസിക്കുകയും ചെയ്തുകൊണ്ട് അവർ തങ്ങളുടെ ശത്രുവായ പിശാചിനെ വിശ്വസിക്കുകയും അനുസരിക്കുകയുമാണ് ചെയ്തത്. അതിന്റെ ഫലമായി അവരും അവരിലൂടെ മാനവരാശി മുഴുവനും പിശാചിന്റെ അധികാരത്തിൻ കീഴിലായിത്തീർന്നു. അങ്ങനെയാണ് പാപത്തിന്റെ അടിമത്തം ലോകത്തിലെ സകല മനുഷ്യരിലും കാണപ്പെടുവാൻ ഇടയായിരിക്കുന്നത്. [ദൈവം നീതിയുടെയും ധർമ്മത്തിന്റെയും ഉറവിടമായിരിക്കുന്നതുപോലെ പിശാച് പാപത്തിന്റെ അഥവാ, അനീതിയുടെയും അധർമ്മത്തിന്റെയും ഉറവിടമായിരിക്കുന്നു.] തെറ്റു ചെയ്യാതിരിക്കുവാൻ നാം എത്രതന്നെ ശ്രമിച്ചാലും ആ ശ്രമം പൂർണ്ണമായി വിജയിക്കാതിരിക്കുന്നതിന്റെ കാരണം നമ്മുടെ ഹൃദയത്തിന്മേലുള്ള പാപത്തിന്റെ വാഴ്ചയാണ്. ആദാമിന്റെ തെറ്റുമൂലം പിൻതലമുറക്കാരായ മനുഷ്യരെല്ലാം പാപികളായിത്തീർന്നതെങ്ങനെയാണ് എന്ന് സംശയം തോന്നാം. ഒരു കുടുംബനാഥൻ തന്റെ നല്ല വീടു വിറ്റിട്ടു മോശമായ ഒന്നു വാങ്ങിയാൽ അയാളുടെ മക്കളുടെ അവകാശം പഴയ നല്ല വീടിന്മേലായിരിക്കുമോ പുതിയ മോശമായ വീടിന്മേലായിരിക്കുമോ എന്ന കാര്യം ചിന്തിച്ചാൽ ഇതിനുത്തരം ലഭിക്കും. ദൈവരാജ്യ

ത്തിന്മേലുണ്ടായിരുന്ന അവകാശം ഉപേക്ഷിച്ച് പിശാചിന്റെ അടിമത്തം മാനവരാശിയുടെ പിതാവ് സ്വീകരിച്ചതിന്റെ ഫലമായി മാനവരാശി മുഴുവനും ആ അടിമത്തത്തിൻ കീഴിലായിത്തീർന്നു. ചിന്തയിലൂടെയോ വാക്കിലൂടെയോ പ്രവൃത്തിയിലൂടെയോ ഒരാൾ പാപം ചെയ്യുമ്പോൾ തന്റെ ആദിപിതാവിലൂടെ താൻ പാപത്തിനടിമയായിത്തീർന്നു എന്ന വസ്തുത അയാൾ അംഗീകരിക്കുന്നു. നീതിമാനും വിശുദ്ധനും സർവ്വശക്തനുമായ ദൈവത്തിന് പാപത്തിന്റ ശിക്ഷ നൽകാതിരിക്കുവാൻ സാദ്ധ്യമല്ല. സകല മനുഷ്യരും പാപത്തിനടിമകളാണെന്ന സത്യം അവരുടെ പ്രവൃത്തികളിലൂടെ തെളിയുന്നതിനാൽ അവർ എല്ലാവരും തന്നെ പാപത്തിന്റെ ശിക്ഷാവിധിക്ക് അർഹരാണ്. പാപപരിഹാരം ലഭിച്ച് ദൈവരാജ്യത്തിന്റെ അവകാശികളായിത്തീരാത്ത ആളുകളിൽ കാണപ്പെടുന്ന പാപസ്വഭാവം അവരിൽനിന്ന് ഒരിക്കലും വിട്ടുമാറാത്തതിനാൽ പാപത്തിന്റെ ശിക്ഷാവിധിയും ഒരിക്കലും അവസാനിക്കാത്തതാണ് എന്ന് ദൈവവചനം വ്യക്തമാക്കുന്നു. 'നിത്യാഗ്നി' (മത്താ. 18:8; 25:41), 'കെടാത്ത തീയായ നരകം' (മർക്കോസ്. 9:46) തുടങ്ങിയ പദപ്രയോഗങ്ങൾ ഈ യാഥാർത്ഥ്യത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. ജീവന്റെ ഉറവിടമായ ദൈവത്തിൽനിന്ന് എന്നേക്കും വേർപെട്ടിരിക്കുന്ന

അവസ്ഥ എന്ന അർത്ഥത്തിൽ നിത്യശിക്ഷാവിധിക്ക് 'രണ്ടാമത്തെ മരണം' എന്ന പേരും വചനത്തിൽ (വെളിപാട് 20:16) കൊടുത്തിട്ടുണ്ട്. പാപത്തിന്റെ ശിക്ഷയ്ക്ക് സകല മനുഷ്യരും വിധേയരായിരിക്കുമ്പോൾ തന്നെ അതിൽനിന്നുള്ള വിടുതലിനും ഏതൊരാൾക്കും മാർഗ്ഗമുണ്ട് എന്നുള്ളതാണ് ബൈബിൾ വ്യക്തമാക്കുന്ന സുപ്രധാന സത്യം.

## പാപമോചനവും നിത്യരക്ഷയും

ദൈവം സമ്പൂർണ്ണ നീതിമാനായതിനാൽ നീതിക്കു നിരക്കുന്ന മാർഗ്ഗത്തിലൂടെ മാത്രമേ മനുഷ്യന് പാപമോചനം നൽകി അവനെ നിത്യരക്ഷയുടെ അവകാശിയാക്കിത്തീർക്കുവാൻ സാധിക്കുകയുള്ളൂ. ഒരു വ്യക്തി മറ്റൊരാളിൽ നിന്ന് ഒരുലക്ഷം രൂപ കടം വാങ്ങിക്കുകയും അതു വീട്ടുവാൻ അയാൾക്കു കഴിവില്ലാതിരിക്കുകയും ചെയ്യുമ്പോൾ അയാൾക്ക് കടത്തിന്റെ ബാദ്ധ്യതയിൽനിന്ന് രക്ഷനേടുവാൻ മാർഗ്ഗമെന്താണ്? മറ്റൊരാൾ അയാൾക്കുവേണ്ടി പണം കൊടുത്ത് ആ കടം വീട്ടുകയും അയാൾ അക്കാര്യം അംഗീകരിക്കുകയും ചെയ്യുക എന്നതല്ലേ? ഇതുപോലുള്ള ഒരു കാര്യമാണ് പാപിയായ മനുഷ്യനെ പാപത്തിന്റെ കടബാധ്യയതയിൽനിന്നു വിടുവിക്കുവാൻ ദൈവം ചെയ്തിരിക്കുന്നത്. മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി ലോകസ്ഥാപനത്തിനു

മുൻപുതന്നെ ദൈവം ഒരുക്കിയിരുന്ന പദ്ധതിയനുസരിച്ച് (വെളിപാട് 13:8) ത്രിയേക ദൈവത്തിലെ രണ്ടാമത്തെ ആളത്വവും ദൈവപുത്രൻ എന്ന സ്ഥാനപ്പേരുള്ളവനുമായ ക്രിസ്തു മനുഷ്യനായി ഒരു കന്യകയിൽനിന്ന് ഈ ഭൂമിയിൽ ജനിച്ചു എന്ന് ബൈബിളിൽ നാം കാണുന്നു. അങ്ങനെ പാപമില്ലാത്ത ഒരു മനുഷ്യൻ പാപത്തിന്റെ വാഴ്ചയിൻകീഴിലിരുന്ന മനുഷ്യവർഗ്ഗത്തിൽ ഉണ്ടായി. സാധാരണ നിലയിലുള്ള ജനനത്തിലൂടെ പാപത്തിന്റെ വാഴ്ചയ്ക്കു വിധേയരായ മനുഷ്യർ മാത്രമേ ഭൂമിയിൽ ജനിക്കുകയുള്ളു. എന്നാൽ ദൈവപുത്രൻ ഒരു കന്യകയിൽനിന്ന് മനുഷ്യാവതാരം ചെയ്തപ്പോൾ പാപത്തിന്റെ അടിമത്തം സ്വീകരിച്ച ആദാമിന്റെ സന്തതിയായിട്ടല്ല, പിന്നെയോ ആ അടിമത്തത്തിൻ കീഴിലല്ലാത്ത ഒരു മനുഷ്യനായിട്ടാണ് ജനിച്ചത്. ഇപ്രകാരം മനുഷ്യജന്മമെടുത്ത ദൈവപുത്രന് രക്ഷിതാവ് എന്നർത്ഥമുള്ള യേശു എന്ന പേരാണ് നൽകപ്പെട്ടത്. ആദാമിന്റെ അനുസരണക്കേടു മൂലമുണ്ടായ പാപത്തിന്റെ അടിമത്തത്തിനും അതിന്റെ ശിക്ഷാവിധിക്കും പരിഹാരമുണ്ടാക്കുന്നതിനു വേണ്ടിയായിരുന്നു. ദൈവപുത്രൻ ഇപ്രകാരം മനുഷ്യജന്മമെടുത്തത്.

## പ്രവചനങ്ങളുടെ നിവൃത്തി

പാപത്തിന്റെ വാഴ്ച ഭൂമിയിൽ ആരംഭിച്ച കാലം

മുതൽക്കുതന്നെ രക്ഷകനായ ഒരു മശിഹാ ജനിക്കുമെന്നും അവൻ മുഖാന്തരം സകല മനുഷ്യർക്കും രക്ഷാമാർഗ്ഗം തുറക്കപ്പെടുമെന്നും ദൈവം തന്റെ പ്രവാചകന്മാരാൽ അരുളപ്പാടുകൾ നൽകിക്കൊണ്ടാണിരുന്നത്. ഉദാഹരണത്തിന്, യേശുവിന്റെ മനുഷ്യാവതാരത്തിന് 750 വർഷം മുമ്പ് യെശയ്യാവ് എന്ന പ്രവാചകൻ ഇപ്രകാരം രേഖപ്പെടുത്തി, "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു, നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്ന് വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി, അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു" (യെശയ്യാവ് 53:4,5); "അവൻ സാഹസം ഒന്നും ചെയ്യാതെയും അവന്റെ വായിൽ വഞ്ചനയൊന്നും ഇല്ലാതെയുമിരുന്നിട്ടും അവർ അവനു ദുഷ്ടന്മാരോടുകൂടെ ശവക്കുഴി കൊടുത്തു" (യെശയ്യാവ് 53:9). പാപമില്ലാത്ത ഒരു മനുഷ്യൻ പാപികളായ മനുഷ്യരുടെ പാപപരിഹാരത്തിനു വേണ്ടി മരണം സഹിക്കുന്ന ചിത്രമാണ് ഈ പ്രവചനങ്ങളിൽ കാണുന്നത്. ദൈവം സർപ്പത്തോടു (സാത്താനോടു) പറഞ്ഞത് "അവളുടെ

സന്തതി, (സ്ത്രീയിൽനിന്നു മാത്രം ജനിക്കുന്ന സന്തതി) നിന്റെ തല തകർക്കും" എന്നായിരുന്നു (ഉല്പത്തി 3:15). സർപ്പത്തിൽ പ്രവേശിച്ച് ഹവ്വയുടെ അടുത്തു വന്ന് അവളെ വശീകരിച്ച് അവളെയും അവളിലൂടെ ആദാമിനെയും പാപത്തിലേക്കു വലിച്ചിഴച്ച പിശാചിനോടു ദൈവം പറഞ്ഞത് അവൻ ചെയ്ത ദ്രോഹത്തിനു പരിഹാരം വരുത്തുകയും അവനെ ശിക്ഷിക്കുകയും ചെയ്യുന്നത് സ്ത്രീയിൽനിന്നു മാത്രം ജനിക്കുന്ന മനുഷ്യനായിരിക്കും എന്നാണ്. യേശുക്രിസ്തുവിന്റെ കന്യകാജനനത്തിലൂടെയും ക്രൂശിലെ പാപപരിഹാരയാഗത്തിലൂടെയും മേലുദ്ധരിച്ച തരത്തിലുള്ള നിരവധി പ്രവചനങ്ങൾ കൃത്യമായി നിറവേറ്റപ്പെട്ടുവെന്ന് കാണാൻ കഴിയും. (ബൈബിൾ വാസ്തവത്തിൽ ദൈവവചനം തന്നെയാണെന്നതിന്റെ വ്യക്തമായ തെളിവാണിത്.)

കൊലപാതകം എന്നത് പാപത്തിന്റെ ഉറവിടമായ പിശാചിന്റെ സ്വഭാവത്തിലെ ഒട്ടും ഒഴിച്ചുകൂടാനാവാത്ത ഘടകമായതിനാൽ ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തപ്പോൾ മുതൽ തന്നെ അവനെ കൊല്ലുന്നതിന് പിശാച് തന്റെ അടിമത്തിൽ കീഴിലിരുന്ന മനുഷ്യരെ പ്രേരിപ്പിച്ചുകൊണ്ടാണിരുന്നത്. എന്നാൽ സർവ്വശക്തനായ ദൈവം അനുവദിക്കാത്തിടത്തോളം കാലം അതുചെയ്യുക ആർക്കും സാദ്ധ്യമായിരുന്നില്ല.

അതിനാൽ അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും പാപത്തിന്റെ മാലിന്യം ലേശം പോലുമേൽക്കാത്ത വിശുദ്ധ ജീവിതത്തിലൂടെയും താൻ സാക്ഷാൽ മനുഷ്യാവതാരം ചെയ്ത ദൈവമാണെന്നു ലോകത്തിനു തെളിയിച്ചുകൊടുത്ത ശേഷമാണ് പ്രവചനങ്ങൾ നിവൃത്തിയാകത്തക്കവിധം പാപികളായ മനുഷ്യർ തന്നെ ക്രൂശിച്ചു കൊല്ലുവാൻ യേശു അനുവദിച്ചത്. "പാപത്തിന്റെ ശമ്പളം മരണമത്രേ" (റോമർ 6:23) എന്ന പ്രമാണമനുസരിച്ച് മനുഷ്യവർഗ്ഗത്തിനു വേണ്ടി യേശുക്രിസ്തു മരണം അനുഭവിച്ചു. അങ്ങനെ മനുഷ്യപുത്രൻ (മാനവരാശിയെ പ്രതിനിധാനം ചെയ്യുന്നവൻ) എന്ന നിലയിൽ പാപമില്ലാത്ത ആ മനുഷ്യൻ അനുഭവിച്ച മരണം മൂലം സകല മനുഷ്യരുടെയും പാപത്തിനു പരിഹാരം ഉണ്ടായി. മരണത്തെ ജയിച്ച് മൂന്നാം നാൾ യേശു ഉയിർത്തെഴുന്നേൽക്കുകയും അനേകർക്കു പ്രത്യക്ഷനായ ശേഷം സ്വർഗ്ഗാരോഹണം. ചെയ്യുകയും ചെയ്തു. തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും സൗജന്യവും സമ്പൂർണ്ണവുമായ പാപമോചനം അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു. പ്രവൃത്തികളാൽ വിലയ്ക്കു വാങ്ങുവാൻ കഴിയാത്ത, വിലതീരാത്ത പാപമോചനവും നിത്യരക്ഷയും യേശുക്രിസ്തുവിലൂടെ നമുക്ക് സൗജന്യമായി ലഭിക്കുന്നു. സൗജന്യമായി ലഭിക്കു

ന്നത് നമ്മുടെ  വകയായിത്തീരണമെങ്കിൽ നാം അത് അറിയുകയും അംഗീകരിക്കുകയും ചെയ്യണം. യേശു നമുക്കുവേണ്ടി വരുത്തിയ പാപപരിഹാരം മൂലം നമുക്കു പ്രയോജനം ഉണ്ടാകണമെങ്കിൽ നാം യേശുവിന്റെ സ്നേഹം മനസ്സിലാക്കുകയും സ്വീകരിക്കുകയും ചെയ്യണം. അതുകൊണ്ടാണ് പാപമോചനം പ്രാപിച്ച് നിത്യ ശിക്ഷാവിധിയിൽ നിന്നു വിടുവിക്കപ്പെന്നതിനുള്ള വ്യവസ്ഥയായി, “യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും” എന്ന് വചനത്തിൽ (റോമർ 10:9) രേഖപ്പെടുത്തിയിരിക്കുന്നത്.

## വ്യക്തിപരമായി സ്വീകരിക്കുക

യേശുവിന്റെ ക്രൂശുമരണത്തിന്റെ ഉദ്ദേശ്യവും പ്രയോജനവുമെല്ലാം മനസ്സിലാക്കിക്കൊണ്ട് യേശുവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി (യജമാനനുമായി) അംഗീകരിക്കുന്നവർ മാത്രമാണ് രക്ഷിക്കപ്പെടുന്നത്. രക്ഷയുടെ ഉപാധി യേശുക്രിസ്തുവിൽ അർപ്പിക്കുന്ന വിശ്വാസം ഒന്നുമാത്രമാണ്. അതുകൊണ്ടാണ് യാതൊരു പ്രവൃത്തിയും നിമിത്തമല്ല ഒരാൾ രക്ഷിക്കപ്പെടുന്നത് എന്ന് എഫെസ്യർ 2:8-9 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത്. ഏറ്റവും ഭയങ്കര

നായ കുറ്റവാളിക്കു പോലും പാപമോചനവും നിത്യരക്ഷയും ഒരു നിമിഷംകൊണ്ടു ലഭിക്കത്തക്ക വിധത്തിലാണ് ദൈവം മനുഷ്യവർഗ്ഗത്തിന് രക്ഷാമാർഗ്ഗം ഒരുക്കിയിരിക്കുന്നത്. യേശുവിന്റെ ഇടത്തും വലത്തും ഓരോ കുറ്റവാളികളെയും ക്രൂശിച്ചതായി ബൈബിളിൽ (ലൂക്കൊസ് 23:39-43) കാണുന്നു. അവരിൽ ഒരുവൻ മാനസാന്തരപ്പെട്ട് യേശുവിൽ വിശ്വസിക്കുകയും അവന്റെ വിശ്വാസം ഏറ്റുപറയുകയും ചെയ്തപ്പോൾ യേശു അവനോടു പറഞ്ഞത് "ഇന്ന് നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും" എന്നാണ്. ആത്മരക്ഷയ്ക്കുവേണ്ടി ആ മനുഷ്യൻ ചെയ്തതെന്താണോ അതു തന്നെയാണ് നാമോരോരുത്തരും ചെയ്യേണ്ടത്. നാം പാപികളാണെന്ന വസ്തുത അംഗീകരിക്കുകയും നമ്മിൽ വന്നുപോയിട്ടുള്ള എല്ലാ പാപങ്ങളെയും കുറിച്ച് ദുഃഖിക്കുകയും ചെയ്യണം. അതു ചെയ്തുകൊണ്ട് നമ്മുടെ ഹൃദയത്തിൽനിന്ന് യേശുവിനോട്, "കർത്താവായ യേശുവേ, ഞാൻ പാപിയാണെന്ന് സമ്മതിക്കുന്നു. എന്റെ പാപത്തിന്റെ പരിഹാരത്തിനായി അവിടുന്ന് ക്രൂശിൽ മരണം സഹിക്കുകയും മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേൽക്കയും ചെയ്തുവെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങയെ എന്റെ രക്ഷിതാവും ജീവിതനാഥനുമായി ഞാൻ സ്വീകരിക്കുന്നു. അവിടുന്ന്

എന്റെ ഹൃദയത്തിലേക്കു വന്ന് എന്നെ ശുദ്ധീകരിച്ച് അനുഗ്രഹിക്കണമേ" എന്നു പ്രാർത്ഥിച്ചുപറയുമ്പോൾ നമ്മുടെ സകല പാപവും ക്ഷമിക്കപ്പെടുകയും നാം രക്ഷിക്കപ്പെട്ട, പാപത്തിന്റെ വാഴ്ചയിൽനിന്നു വിടുവിക്കപ്പെട്ട, ദൈവത്തിൽ നിന്നുള്ള പുതുജനനം പ്രാപിച്ചു, ദൈവരാജ്യത്തിന്മേൽ അവകാശം ലഭിച്ച ഒരു പുതിയ വ്യക്തിയായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. ദൈവാത്മാവ് അതേത്തുടർന്ന് നമ്മെ നയിക്കുവാൻ തുടങ്ങുന്നതിനാൽ സദ്ജീവിതം നയിക്കുന്ന, സൽസ്വഭാവമുള്ള മനുഷ്യരായി നാം കാണപ്പെടും. ഇപ്രകാരം പാപിക്കു സൗജന്യമായി പാപമോചനവും നിത്യജീവനും നൽകിക്കൊണ്ട് അവനെ പാപത്തിന്റെ വശീകരണത്തെ ജയിച്ചുജീവിക്കുന്ന പുതിയ മനുഷ്യനാക്കിത്തീർക്കുന്ന ദൈവസ്നേഹമാണ് യേശുക്രിസ്തുവിലൂടെ ബൈബിൾ വെളിപ്പെടുത്തുന്നത്. പാപമോചവും നിത്യരക്ഷയും ആർ ആഗ്രഹിക്കുന്നുവോ അവർക്ക് അത് സൗജന്യമായി യേശുക്രിസ്തു നൽകുന്നു. അതു സ്വീകരിക്കുന്നവർ ബുദ്ധിയുള്ളവരാണ്; സ്വീകരിക്കാതെ സ്വന്തം നന്മപ്രവൃത്തികളിൽ ആശ്രയം വയ്ക്കുകയും മനുഷ്യർ കണ്ടുപിടിച്ച മതകർമ്മങ്ങളിൽ വിശ്വാസമർപ്പിക്കുകയും ചെയ്യുന്നവർ ശൂന്യാകാശ വാഹനമുപയോഗിക്കാതെ ഓട്ടോറിക്ഷയിൽ കയറിയിരുന്നാൽ ചന്ദ്രനിലെത്താമെന്ന്

ആശിക്കുന്നവരെപ്പോലെയുള്ള ബുദ്ധിഹീനരാണ്.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനു മുമ്പും മനുഷ്യർക്കു പാപപരിഹാരത്തിനു മാർഗ്ഗം നൽകപ്പെട്ടിരുന്നു. പാപമില്ലാത്ത മനുഷ്യനായ യേശു ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്ന നിഷ്കളങ്കമൃഗ ങ്ങളുടെ യാഗം നടത്തി പാപമോചനം നേടുവാൻ ദൈവം കല്പന കൊടുത്തിരുന്നു. അപ്രകാരം യാഗങ്ങൾ നടത്തിയവർ ഭാവിയിൽ നടക്കാനിരുന്ന ക്രൂശിലെ പാപപരിഹാരയാഗത്തിൽ പരോക്ഷമായി വിശ്വസിച്ചവർ എന്ന നിലയിൽ ദൈവമുമ്പാകെ പരിഗ ണിക്കപ്പെടുകയും ചെയ്തു. അതിനാൽ യേശുവിന്റെ ക്രൂശുമരണത്തിനു മുമ്പ് ഇപ്രകാരം മൃഗയാഗം നടത്തിയവർക്കും ആത്മരക്ഷ ലഭിച്ചിരുന്നു. എന്നാൽ ഇന്ന് പരോക്ഷമായ മാർഗ്ഗമല്ല, പ്രത്യക്ഷമായ രക്ഷാമാർഗ്ഗം തന്നെയാണ് നാമോരോരുത്തരുടെയും മുമ്പിലുള്ളത്. യേശുക്രിസ്തു തന്റെ ക്രൂശുമരണം മുഖാന്തരം നൽകുന്ന സൗജന്യമായ നീതീകരണവും നിത്യരക്ഷയും നാം സ്വീകരിച്ചിട്ടുണ്ടോ ഇല്ലയോ എന്ന ചോദ്യത്തിന് നാം നൽകുന്ന ഉത്തരം നമ്മുടെ നിത്യത സ്വർഗ്ഗത്തിലോ നരകത്തിലോ, ദൈവത്തോടുകൂടെയോ പിശാചിനോടുകൂടെയോ എന്നകാര്യം ഇപ്പോൾ ഈ ഭൂമിയിൽ വച്ചുതന്നെ നിർണ്ണയിക്കുന്നു.

**യേശുക്രിസ്തു വീണ്ടും വരുന്നു.**

ബൈബിൾ വെളിപ്പെടുത്തുന്നത് യേശുക്രിസ്തു വീണ്ടും ഭൂമിയിലേക്കു വരുമെന്നും തന്നിൽ വിശ്വാസ മർപ്പിച്ചശേഷം മരിച്ചുപോയവർ അപ്പോൾ ഉയിർത്തെഴു ന്നേൽക്കുമെന്നും ജീവനോടിരിക്കുന്ന വിശ്വാസികൾ രൂപാന്തരപ്പെട്ട് പുതിയ ശരീരം പ്രാപിക്കുമെന്നും അവ രെല്ലാവരും ആകാശമേഘങ്ങളിലേക്ക് എടുക്കപ്പെടു മെന്നുമാണ് (1 കൊരിന്ത്യർ 15:51-54; 1 തെസ്സലോ നീക്യർ 4:16-17). ദൈവവചനം ജീവിതത്തിൽ എത്ര ത്തോളം അനുസരിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ ദൈവം അവർക്കു പ്രതിഫലം നൽകും. യേശുക്രിസ്തു മുഖാന്തരമുള്ള പാപമോചനം ലഭിച്ചിട്ടില്ലാത്ത സകല മനുഷ്യരുടെയും ആത്മാക്കൾ പിന്നീട് ദൈവസിംഹാ സനത്തിനു മുമ്പാകെ ഹാജരാക്കപ്പെടും. അവരോരോ രുത്തരും ചെയ്തിട്ടുള്ള സകല പാപപ്രവൃത്തികളും അവിടെ വെളിപ്പെടും. ആ പ്രവൃത്തികൾക്കനുസൃ തമായ നിത്യശിക്ഷാവിധി അവർക്കോരോരുത്തർക്കും ലഭിക്കുകയും ചെയ്യും. പാപമോചനം പ്രാപിക്കാതെ ഈ വിധം ന്യായവിധിക്കു വിധേയരാകുന്ന സകല മനുഷ്യരും നരകത്തിലേക്കു തള്ളപ്പെടും. അവിടെ അവർ നിത്യദണ്ഡനം അനുഭവിക്കേണ്ടിവരും. ആ ദുരന്തം തന്റെ സൃഷ്ടികളായ മനുഷ്യരിൽ ആർക്കും തന്നെ ഉണ്ടാകരുതെന്ന് ദൈവം ആഗ്രഹിക്കുന്നു.

അതിനാലാണ് യേശുക്രിസ്തു മൂലമുള്ള സൗജന്യമായ പാപമോചനത്തിന്റെ സന്ദേശം ദൈവാത്മാവ് ഇന്ന് വിവിധ മാർഗ്ഗങ്ങളിലൂടെ മനുഷ്യഹൃദയങ്ങളിലേക്ക് എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുന്നത്.

**ഈ സന്ദേശത്തിന്റെ പ്രാധാന്യം**

ദൈവം മനുഷ്യനോട് ഏതെല്ലാം കാലഘട്ടങ്ങളിൽ എന്തുകൊണ്ട് എപ്രകാരം ഇടപെട്ടുവെന്ന് ബൈബിളിൽ വിവരിച്ചിട്ടുണ്ട്. ആ വിഷയം സൂക്ഷ്മമായി പഠിക്കുമ്പോൾ യേശുക്രിസ്തുവിൽ വിശ്വാസമർപ്പിക്കുന്നവർക്ക് ആത്മരക്ഷയും നിത്യജീവനും ലഭിക്കുമെന്ന സന്ദേശം ലോകത്തിൽ പ്രസ്താവിക്കപ്പെടാൻ തുടങ്ങിയതിനു ശേഷമുള്ള കാലത്തിന് 'അന്ത്യകാലം' എന്നു ദൈവവചനത്തിൽ പേരു നൽകപ്പെട്ടിരിക്കു ന്നതായി കാണാം. ഈ അന്ത്യകാലത്തിന്റെ ഒടുവിൽ നടക്കാൻ പോകുന്ന നിരവധി സംഭവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് യേശുക്രിസ്തുവിന്റെ വീണ്ടും വരവാണ്. അത് എപ്പോൾ സംഭവിക്കും എന്നറിയുവാൻ ഒന്നാം നൂറ്റാണ്ടുമുതൽ വിശ്വാസികൾ ആകാംക്ഷയോടെ ആഗ്രഹിച്ചിട്ടുണ്ട്. യേശുക്രിസ്തു ഇതിനെക്കുറിച്ചു ശിഷ്യന്മാരോടു പറഞ്ഞത് "നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങൾ ഒരുങ്ങിയിരിപ്പിൻ" (മത്തായി 24:44) എന്നായിരുന്നു. അതിനാൽ യേശുക്രിസ്തുവിന്റെ പുനരാഗമനം

തങ്ങളുടെ ജീവിതകാലത്തുതന്നെ സംഭവിക്കാവുന്ന താണ്, എന്നാൽ നിശ്ചയമായി പറയാൻ നിവൃത്തിയില്ല എന്ന ചിന്തയോടുകൂടിയാണ് കഴിഞ്ഞ കാലങ്ങളിൽ വിശ്വാസികൾ ജീവിച്ചത്. എന്നാൽ ഇപ്പോൾ നമ്മുടെ കൺമുമ്പിൽ അരങ്ങേറുന്ന ലോകസംഭവങ്ങൾ സൂചിപ്പിക്കുന്നത് ദൈവവചനം പ്രസ്താവിക്കുന്ന ഈ അന്ത്യകാലത്തിന്റെ അന്ത്യം വിദൂരമല്ലെന്നാണ്. ബൈബിൾ പ്രവചനങ്ങളുടെ നിവൃത്തിയായിട്ടാണ് എ.ഡി.70ൽ റോമൻ സൈന്യത്തിന്റെ ആക്രമണം മൂലം ജെറുസലേമിലുണ്ടായിരുന്ന യെഹൂദന്മാരുടെ ദേവാലയം പൂർണ്ണമായി നശിപ്പിക്കപ്പെട്ടതും അതിനെ ത്തുടർന്ന് യെഹൂദജാതി ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും ചിതറപ്പെടുവാൻ ഇടവന്നതും. (കേരളത്തിൽ കൊച്ചിയിലും കൊടുങ്ങല്ലൂരിലും യെഹൂ ദന്മാർ വന്നു താമസിക്കാനിടയായത് ഈ സാഹ ചര്യത്തിലായിരുന്നു). ലോകമെമ്പാടും ചിതറപ്പെടുന്ന യെഹൂദജാതി ബൈബിൾ പ്രവചനങ്ങ ളനുസരിച്ച് അന്ത്യകാലത്തിന്റെ ഒടുവിൽ പലസ്തീൻ നാട്ടിലേക്കു മടങ്ങിവന്ന് അവിടെ സ്വന്ത രാജ്യം സ്ഥാപി ക്കുകയും ജെറുസലേമിൽ അവരുടെ ദേവാലയം വീണ്ടും പണിയുകയും ചെയ്യേണ്ടതാണ്. 1948 ൽ ഇസ്രാ യേൽ രാജ്യം സ്ഥാപിക്കപ്പെട്ടത്, ഈ പ്രവചനങ്ങളുടെ ഭാഗികമായ നിവൃത്തിയാണ്. റോമാ സാമ്രാജ്യത്തിന്റെ

പടയാളികൾ നശിപ്പിച്ച അവരുടെ ദേവാലയം ജെറുസലേമിൽ വീണ്ടും പണിയപ്പെടും എന്ന പ്രവചനം ഇനി നിവൃത്തിയാകേണ്ടിയിരിക്കുന്നു. ഇതോടൊപ്പം നിറവേറേണ്ട മറ്റു നിരവധി പ്രവചനങ്ങളും ബൈബിളിലുണ്ട്. അവയനുസരിച്ച് രാഷ്ട്രീയമായി നശിച്ചുപോയ പുരാതന റോമാസാമ്രാജ്യം പുനരുദ്ധരിക്കപ്പെടുകയും അതിന്റെ നേതൃസ്ഥാനത്തേക്ക് അസാമാന്യബുദ്ധിയും എല്ലാവിധ കഴിവുകളുമുള്ള, ലോകം ഇതുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും സമർത്ഥനായ ഒരു ഭരണാധികാരി വരികയും ചെയ്യേണ്ടതാണ്. ഈ ഭരണാധികാരി വാസ്തവത്തിൽ എതിർക്രിസ്തു ആണെന്ന് അധികം താമസിയാതെ യെഹൂദജനത മനസ്സിലാക്കും. അതിനെത്തുടർന്ന് അതിഭയങ്കരമായ പീഡനം അവർക്കു സഹിക്കേണ്ടതായും വരും.

പുനരുദ്ധരിക്കപ്പെടുന്ന റോമാ സാമ്രാജ്യത്തിന്റെ ഭരണാധികാരിയായി എതിർക്രിസ്തു പ്രത്യക്ഷപ്പെടുന്നത് യേശുക്രിസ്തുവിന്റെ സഭ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നതോടുകൂടിയായിരിക്കും. യൂറോപ്യൻ യൂണിയൻ എന്ന പേരിലറിയപ്പെടുന്ന യൂറോപ്യൻ രാജ്യങ്ങളുടെ സംഘടനയിലൂടെ ഇന്നു പുനരുദ്ധരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പുരാതന റോമാ സാമ്രാജ്യത്തെ സംബന്ധിച്ചിടത്തോളം 2002 ജനുവരി 1-ാം

തീയതി വളരെ പ്രധാനപ്പെട്ട ഒരു ദിവസമായിരുന്നു. ഈ യൂണിയനിൽ അംഗത്വമുള്ള പന്ത്രണ്ട് രാജ്യങ്ങൾ അന്ന് യൂറോ (Euro) എന്ന പൊതുവായ കറൻസി (നാണയം) സ്വീകരിച്ചു. പണ്ടത്തെ റോമാ സാമ്രാജ്യ ത്തിനുണ്ടായിരുന്ന തരത്തിലുള്ള സാമ്പത്തിക ശക്തിയും ഐക്യവും ആ സാമ്രാജ്യത്തിന്റെ സ്ഥാന ത്ത് ഇന്ന് നിലകൊള്ളുന്ന യൂറോപ്യൻ യൂണിയനിലെ രാജ്യങ്ങൾക്ക് ഉണ്ടാകണം എന്ന ലക്ഷ്യമാണ് ഈ നടപടിയുടെ പിന്നിലുള്ളത്. ബൈബിൾ പ്രവചനങ്ങള നുസരിച്ച് ഇനി യൂറോപ്യൻ യൂണിയനിൽ അടുത്ത തായി സംഭവിക്കേണ്ടത് രാഷ്ട്രീയ ഐക്യമാണ്. ഇപ്പോൾ സംഭവിച്ചുകഴിഞ്ഞിരിക്കുന്ന സാമ്പത്തിക ഐക്യം നിലനിർത്തുന്നതിനും കൂടുതൽ ഉറപ്പിക്കു ന്നതിനും രാഷ്ട്രീയ ഐക്യം അത്യന്താപേക്ഷി തമായിത്തീരും. അത് സമീപഭാവിയിൽ തന്നെ സംഭവിക്കുവാൻ നല്ല സാധ്യതയുമുണ്ട്. അതു സംഭവിച്ചുകഴിഞ്ഞ്, ലോകം കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും പ്രാപ്തനായ ഭരണാധികാരിയും യൂറോപ്യൻ യൂണിയനിലൂടെ പുനരുദ്ധരിക്കപ്പെട്ട റോമാസാമ്രാജ്യ ത്തിന്റെ അനിഷേധ്യനേതാവുമായി എതിർക്രിസ്തു ലോകരാഷ്ട്രീയരംഗത്തു പ്രത്യക്ഷപ്പെടും. യൂറോപ്യൻ രാജ്യങ്ങളും അമേരിക്കയും ഇപ്പോൾ നേരിടാൻ തുടങ്ങിയിരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങൾ ഈ

ഭരണാധികാരിയുടെ രംഗപ്രവേശനത്തിനു വഴിയൊരുക്കാനും സാധ്യതയുണ്ട്. ആ ഭരണാധികാരി ഇപ്പോഴത്തെ യൂറോപ്യൻ യൂണിയന്റെ ഭൂപ്രദേശത്തിനു വെളിയിൽനിന്ന് അവിടേക്കു കടന്നുവന്നിട്ടുള്ള ഒരാളായിരിക്കുന്നതിനുള്ള സാധ്യതയും ദൈവവചനത്തിൽ കാണുന്നുണ്ട്. ഈ ഭരണാധികാരി രംഗപ്രവേശം ചെയ്യുന്നതിനു മുമ്പ് യേശുക്രിസ്തുവിന്റെ സഭ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു കഴിഞ്ഞിരിക്കുമെന്നാണ് ദൈവവചനത്തിൽ കാണുന്ന സൂചന. യൂരോപ്യൻ യൂണിയനിലൂടെ ഇന്നു പുനരുദ്ധരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പുരാതന റോമാസാമ്രാജ്യം സാമ്പത്തിക ഐക്യത്തിൽനിന്നു രാഷ്ട്രീയ ഐക്യത്തിലേക്ക് ഇപ്പോൾ സാവകാശം നീങ്ങിക്കൊണ്ടിരിക്കുന്നതിനാൽ യേശുക്രിസ്തുവിന്റെ വീണ്ടും വരവിനും എതിർക്രിസ്തുവിന്റെ രംഗപ്രവേശനത്തിനും വലിയ കാലതാമസം ഇനി ഉണ്ടാകാനിടയില്ലെന്ന് ന്യായമായി നമുക്ക് ചിന്തിക്കാവുന്നതാണ്.

ചുരുക്കത്തിൽ ദൈവവചനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം സത്യമാണെന്ന് ഇതുവരെയുള്ള ലോകചരിത്രവും ഇന്നത്തെ ലോകസംഭവങ്ങളും തെളിയിക്കുന്നു. ഈ വസ്തുത കണക്കിലെടുക്കുമ്പോൾ ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു (എബ്രായർ 9:27) എന്ന ബൈബിൾ വാക്യം അവഗണിക്കുവാൻ ആർക്കാണ്

കഴിയുക? "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറെറാരു നാമവും ഇല്ല" (അപ്പൊ. പ്രവൃ. 4:12) എന്ന ബൈബിൾ പ്രഖ്യാപനം അംഗീകരിച്ചുകൊണ്ട് ഏതൊരാളും യേശുക്രിസ്തുവിൽ വിശ്വാസമർപ്പിച്ച് ആത്മരക്ഷ പ്രാപിക്കുകയല്ലേ ചെയ്യേണ്ടത്? "ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ജീവനെ കളകയും (ആത്മരക്ഷ സ്വീകരിക്കാതിരിക്കുകയും) ചെയ്താൽ അവന് എന്തുപ്രയോജനം? (മത്തായി 16:26) എന്നാണ് ദൈവാത്മാവ് ചോദിച്ചിരിക്കുന്നത്. ഈ ചെറുപുസ്തകം വായിച്ച നിങ്ങൾ യേശുവിൽ വിശ്വാസം അർപ്പിച്ചു ദൈവപൈതൽ ആയിത്തീർന്നിട്ടുണ്ടോ? ഇല്ലെങ്കിൽ ഇപ്പോൾ തന്നെ അത് ചെയ്യുക. യഥാർത്ഥ ദൈവമക്കൾ തങ്ങൾ ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിന്റെ നിയമങ്ങളല്ല, പിന്നെയോ ദൈവവചനത്തിൽ കാണുന്ന പ്രമാണങ്ങൾ തന്നെയാണ് അനുസരിക്കുക എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക (ലൂക്കോസ് 6: 46-49). നിങ്ങൾ യേശുവിൽ വിശ്വാസമർപ്പിച്ച് ആത്മരക്ഷ പ്രാപിച്ചുകഴിഞ്ഞ വ്യക്തിയാണെങ്കിൽ മറ്റുള്ളവരെ രക്ഷാസന്ദേശം അറിയിക്കുന്ന കാര്യത്തിൽ ഞങ്ങളോടു സഹകരിക്കുമെന്നു പ്രതീക്ഷിക്കുന്നു. കത്തുമൂലം ബന്ധപ്പെട്ടാൽ ഇതു സംബന്ധമായ വിവരങ്ങൾ ഞങ്ങൾ നൽകുന്നതാണ്. തപാൽ മാർഗ്ഗം ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക്

ഞങ്ങളുടെ **"അത്ഭുതപ്രകാശത്തിലേക്ക്"** എന്ന വേദ പഠന കോഴ്സിൽ ചേർന്ന് പഠനം നടത്താവുന്നതാണ്. ഏതൊരു വ്യക്തിക്കും ഈ കോഴ്സിൽ ചേർന്ന് സ്വന്തം വീട്ടിലിരുന്നുകൊണ്ട് ബൈബിൾ പഠനം നടത്താം. ആറ് പാഠങ്ങളുള്ള ഈ കോഴ്സിലെ ഓരോ പാഠത്തിന്റെയും ഒടുവിൽ തന്നിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഴുതി അയച്ചുതരണമെന്ന നിബന്ധന പാലിക്കുവാൻ തയ്യാറുള്ള ഏതൊരാൾക്കും പാഠങ്ങൾ ആവശ്യപ്പെടാവുന്നതാണ്. ക്രിസ്തീയ ജീവിത വളർച്ചയ്ക്ക് ഉതകുന്ന പുസ്തകങ്ങളെക്കുറിച്ചും മറ്റും അറിവ് ലഭിക്കാനാഗ്രഹിക്കുന്നവർക്ക് അതു സംബന്ധമായ വിവരങ്ങളും ഞങ്ങൾ നൽകുന്നതാണ്. വിലതീരാത്ത ആത്മരക്ഷ സൗജന്യമായി നൽകുന്ന സ്നേഹവാനായ ദൈവത്തിന്റെ അനുഗ്രഹം യേശുക്രിസ്തുവിൽ അർപ്പിക്കുന്ന വിശ്വാസത്താൽ നിങ്ങൾക്കു ലഭിക്കട്ടെ.

ഈ പുസ്തകം ആർക്കൊക്കെ ഞങ്ങൾ അയച്ചുകൊടുക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അവരുടെ പേരുകളും മേൽവിലാസങ്ങളും ഞങ്ങളെ അറിയിക്കുക. ലഭിക്കുന്ന കത്തുകളുടെ മുൻഗണനാക്രമം അനുസരിച്ച് പുസ്തകം ഓരോരുത്തർക്കും അയച്ചുകൊടുക്കുന്നതാണ്.

## മാനസ്സാന്തരം എന്നാലെന്ത്?

അനീതിയുടെയും അസത്യത്തിന്റെയും പ്രേരണകൾക്കു കീഴ്പെടാതെ, നീതിയുടെയും നന്മയുടെയും വിശുദ്ധിയുടെയും ഉറവിടമായ ദൈവത്തിന്റെ ആത്മാവിന് പൂർണ്ണമായി കീഴ്പ്പെട്ടുകൊണ്ട് ഇനിമേൽ ജീവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു; ദൈവത്തിന്റെ ഇഷ്ടത്തിന് വിരുദ്ധമായി ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളെയും കുറിച്ച് ഞാൻ ദുഃഖിക്കുന്നു എനിങ്ങനെ ഹൃദയത്തിൽ പറഞ്ഞുകൊണ്ട്, ചെയ്തുപോയ പാപങ്ങൾ എല്ലാം യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗം മുഖാന്തരം ക്ഷമിച്ചു തരണമെന്ന് ദൈവത്തോട് പ്രാർത്ഥിക്കുകയും മേലിൽ ദൈവത്തെ പൂർണ്ണമായി അനുസരിച്ചു കൊണ്ട് ജീവിക്കുവാൻ ദൈവത്തിൽ ആശ്രയം വെച്ചുകൊണ്ട് തീരുമാനിക്കുകയും ചെയ്യുന്നതിനാണ് മാനസാന്തരം എന്നു പറയുന്നത്. ഒന്നോ രണ്ടോ ദുശ്ശീലങ്ങളുടെ വർജ്ജനത്തിൽ മാത്രം ഈ അനുഭവം ഒതുങ്ങി നിൽക്കുന്നില്ല. സ്വഭാവവും പെരുമാറ്റവും ജീവിതലക്ഷ്യവും എല്ലാം ഇത് വ്യത്യാസപ്പെടുത്തുന്നു.

**കത്തിടപാടുകൾക്കുള്ള വിലാസം:**

**BIBLE STUDY CENTRE**

**P. B. 14, P. O. Mannuthy**
**Thrissur - 680 651, Kerala**
**Ph: 0487 - 2371573, 8547371573**
**WhatsApp : 9061395910**